# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2026 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചതായി സാമ്പത്തിക സർവേ റിപ്പോർട്ട്. കേന്ദ്ര ബജറ്റ് അവതരണം ഞായറാഴ്ച.

   The Economic Survey report says that the Indian economy has achieved strong growth in the financial year 2026. The Union Budget will be presented on Sunday.

2. രാജ്യം ദീർഘകാലമായി നേരിട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പാതയിലാണ് സർക്കാരെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi said that the government is on the path to solving the problems that the country has been facing for a long time.

3. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള കേരളത്തിൻറെ ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. ക്ഷേമപെൻഷനുകൾക്കും സ്ത്രീ സുരക്ഷാ പദ്ധതിക്കും കാർഷിക, അനുബന്ധ മേഖലയ്ക്കും ബജറ്റിൽ പരിഗണന.

   Finance Minister KN Balagopal presented the Kerala budget for the next financial year in the assembly. Consideration was given to welfare pensions, women's safety scheme, and agriculture and allied sectors in the budget.

4. 77-ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ബീറ്റിങ് റിട്രീറ്റ് നടന്നു.

**A beating retreat was held at Vijay Chowk in New Delhi to conclude the 77th Republic Day celebrations.**

5. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ മരണത്തിന് ഇടയാക്കിയ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെടുത്തു. സമഗ്രവും സുതാര്യവുമായ അന്വേഷണം ഉറപ്പാക്കുമെന്ന് വ്യോമയാന മന്ത്രാലയം.

**The black box of the plane that led to the death of Maharashtra Deputy Chief Minister Ajit Pawar has been recovered. The Ministry of Civil Aviation will ensure a thorough and transparent investigation.**

6. സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ക്വാർട്ടർ ഫൈനലിൽ.

**Kerala in the quarterfinals of the Santosh Trophy football.**

☸☸☸☸☸☸☸☸☸☸☸☸☸

## ECONOMIC SURVEY

2026 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ യഥാർത്ഥ ജിഡിപി 7.4 ശതമാനം വളരുമെന്നും 2027 സാമ്പത്തിക വർഷത്തിൽ വളർച്ച 6.8 മുതൽ 7.2 ശതമാനം വരെയാകാൻ സാധ്യതയുണ്ടെന്നും സാമ്പത്തിക സർവേ റിപ്പോർട്ട്. 2026-27 വർഷത്തെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് സാമ്പത്തിക സർവേ ലോക്സഭയിൽ അവതരിപ്പിച്ചത്. സാമ്പത്തിക സർവേ പ്രകാരം, 2026 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. ആഗോള തലത്തിൽ സാമ്പത്തിക സമ്മർദ്ദങ്ങളും വ്യാപാര മേഖലയിലെ സങ്കീർണതകളും നിലനിൽക്കുന്നതായും സാമ്പത്തിക സർവേയിൽ പറയുന്നു. റയിൽവേയുടെ അതിവേഗ ഇടനാഴികൾ പത്ത് മടങ്ങ് വർദ്ധിച്ചു. പുനരുപയോഗ ഊർജ്ജ മേഖലയിൽ ആഗോളതലത്തിൽ രാജ്യം മൂന്നാം സ്ഥാനത്തെത്തി. ഫെബ്രുവരി ഒന്ന് ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ് അവതരണം.

☸☸☸☸☸☸☸☸☸☸☸☸☸

## KERALA BUDGET

ജനകീയ ക്ഷേമ പദ്ധതി പ്രഖ്യാപനങ്ങളുമായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള കേരളത്തിൻറെ ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് തനത് നികുതി വരുമാനത്തിലും നികുതിയിതര വരുമാനത്തിലും വർധന ഉണ്ടായതായി മന്ത്രി പറഞ്ഞു.

## BUDGET ESTIMATE

ഒരു ലക്ഷത്തി 82,972 കോടി രൂപയുടെ റവന്യൂ വരവ് പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് ധനമന്ത്രി അവതരിപ്പിച്ചത്. രണ്ട് ലക്ഷത്തി പതിനേഴായിരത്തി 558 കോടി രൂപയാണ് അടുത്ത സാമ്പത്തിക വർഷത്തിൽ മൊത്തം റവന്യൂ ചെലവ് കണക്കാക്കിയിരിക്കുന്നത്. 34 ആയിരത്തി 586 കോടി രൂപയാണ് റവന്യൂ കമ്മി. 51 ആയിരത്തി 378 കോടിയുടെ പൊതുകടവും, 19 ആയിരത്തി 384 കോടിയുടെ മൂലധന ചെലവുമാണ് 2026-27 സാമ്പത്തിക വർഷത്തിൽ കണക്കാക്കി യിരിക്കുന്നത്.

## BUDGET DESK (INTRO)

ക്ഷേമപെൻഷനുകൾക്ക് 14 ആയിരത്തി 500 കോടിയും സ്ത്രീ സുരക്ഷാ പദ്ധതിക്കായി മൂവായിരത്തി 820 കോടി രൂപയും ബജറ്റ് വകയിരുത്തി. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിന് 454.81 കോടി രൂപ മാറ്റിവച്ചു. അങ്കണവാടി വർക്കർമാർ, പ്രീപ്രൈമറി അധ്യാപകർ, ആശാപ്രവർത്തകർ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ വേതനം പ്രതിമാസം ആയിരം രൂപ വർദ്ധിപ്പിച്ചു.
വിശദാംശങ്ങളിലേക്ക്..........

(വോയ്സ്)

അങ്കണവാടി ഹെൽപർമാർക്ക് പ്രതിമാസ വേതനം 500 രൂപയും സ്കൂൾ പാചക തൊഴിലാളികൾക്ക് പ്രതിദിനം 25 രൂപയും വർദ്ധിപ്പിച്ചു. ശമ്പളവും പെൻഷനും നൽകാനായി കെ എസ് ആർ ടി സി ക്ക് പ്രതിമാസം 125 കോടിയോളം രൂപ നൽകും. തൊഴിലുറപ്പ് പദ്ധതിക്കായി ആയിരം കോടി രൂപയും ബജറ്റിൽ വകയിരുത്തി. പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് 1,128.71 കോടി രൂപയും ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് 851.46 കോടി രൂപയും ബജറ്റിൽ വകയിരുത്തിയതായി ധനമന്ത്രി പറഞ്ഞു. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം വിതരണത്തിനായി 150 കോടി

രൂപയും ബി പി എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് 7.9 കോടി രൂപയും വകയിരുത്തി. വേഗറെയിൽ പദ്ധതി നാല് ഘട്ടങ്ങളിലായി പൂർത്തിയാക്കും. ഇതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ അനുവദിച്ചു. എം സി റോഡ് വികസനത്തിന് കിഫ്ബി വഴി 5,317 കോടി രൂപയും സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ വിഴിഞ്ഞം തുറമുഖ വികസനത്തിന് കിഫ്ബി മുഖേന ആയിരം കോടിയും നൽകും. പ്രാരംഭ പ്രവർത്തനങ്ങൾക്ക് നൂറ് കോടി രൂപ ബജറ്റിൽ വകയിരുത്തി. എല്ലാ ജനങ്ങൾക്കും നേറ്റിവിറ്റി കാർഡ് ഏർപ്പെടുത്തും. വിനോദ സഞ്ചാര മേഖലയ്ക്ക് - 413.52 കോടി രൂപയും ശബരിമല മാസ്റ്റർ പ്ലാനിന് 30 കോടിയും കൈത്തറി മേഖലയ്ക്ക് 59 കോടി രൂപയും കശുവണ്ടി വ്യവസായ മേഖലയ്ക്ക് 56 കോടി രൂപയും നീക്കി വെയ്ക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി.....

☸☸☸☸☸☸☸☸☸☸☸☸☸

# BUDGET 3

കാർഷിക, അനുബന്ധ മേഖലയ്ക്ക് 2071.95 കോടിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ട് 3,237 കോടിയും മെയിന്റനൻസ് ഫണ്ട് 4,316 കോടിയും പ്ലാൻ ഫണ്ട് 10,189 കോടിയും അനുവദിച്ചു. വിഴിഞ്ഞം തുറമുഖത്തുനിന്നും ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന റെയർ എർത്ത് കോറിഡോർ ചവറയിൽ സ്ഥാപിക്കും. ഇതിലൂടെ 42,000 കോടി രൂപയുടെ നിക്ഷേപങ്ങളും 50,000 കോടിയുടെ തൊഴിലവസരങ്ങളും സൃഷ്ടിക്കും. കാരുണ്യ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള കുടുംബങ്ങൾക്കായി ഇൻഷുറൻസ് പദ്ധതി നടപ്പാക്കും. രണ്ടാം കുട്ടനാട് പാക്കേജിന് 75 കോടി രൂപയും കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കാൻ ആദ്യഘട്ടമായി 50 കോടി രൂപയും വകയിരുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

# BUDGET 4

റോഡപകടത്തിൽപ്പെടുന്നവർക്കായി ലൈഫ് സേവർ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. അപൂർവ്വയിനം രോഗങ്ങൾക്കുള്ള ചികിത്സാ പദ്ധതിയായ KARE-ൽ സ്പൈനൽ മസ്കുലാർ അട്രോഫി രോഗത്തിന് മരുന്ന് ലഭ്യമാക്കാൻ 30 കോടിയും പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം – കാസർഗോഡ് റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങ

ൾക്കായി 100 കോടി രൂപ അനുവദിച്ചു. ധനകാര്യ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിന് കൊച്ചിയിൽ ഫിനാൻസ് ടവർ സ്ഥാപിക്കും.

## BUDGET 5 (INTRO)

കരാർ/ദിവസവേതന ജീവനക്കാരുടെ പ്രതിദിന വേതനത്തിൽ 5 ശതമാനം വർധനവ് വരുത്തി. തൊഴിലാളികൾക്കും വിദ്യാർഥികൾക്കും ഗ്രൂപ്പ് ഇൻഷുറൻസിനായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ബജറ്റ് അവതരണത്തിൽ ധനമന്ത്രി പറഞ്ഞു.

(വോയ്സ്)

## BUDGET 6

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവശേഷിക്കുന്ന DA, DR ഗഡുക്കൾ പൂർണ്ണമായും നൽകും. ഒരു ഗഡു ഡി.എ ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം നൽകും. ഡി.എ, ഡി.ആർ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കും. ആദ്യ ഗഡു ബജറ്റ് വർഷം നൽകും. 12th Pay Revision കമ്മീഷനും പ്രഖ്യാപിച്ചു. സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് സ്കീം പുനഃസ്ഥാപിക്കും. പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി ഏപ്രിൽ 1 മുതൽ നടപ്പാക്കും.

## BUDGET RESPONSE

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും സർവ്വ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനും പരിഗണന നൽകുന്ന ജനകീയ ബജറ്റാണ് ധനമന്ത്രി ഇന്ന് അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. ബജറ്റിൽ അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടെ സംസ്ഥാനത്ത് സമഗ്രപുരോഗതി സാധ്യമാകുമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സർക്കാർ കഴിഞ്ഞ 10 വർഷമായി നടപ്പാക്കാത്ത കാര്യങ്ങളാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. കേന്ദ്ര പദ്ധതികൾ സ്വന്തം പേരിലാക്കിയാണ് സംസ്ഥാന ബജറ്റിൽ അവതരിപ്പിച്ചതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ

പറഞ്ഞു. പെൻഷൻകാരോടും സർക്കാർ ജീവനക്കാരോടും നീതി പുലർത്താത്ത ബജറ്റാണിതെന്ന് ഫെറ്റോ പ്രതികരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## MARY GEORGE (INTRO)

ഓരോ വിഭാഗത്തിൻറെയും ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളാണ് ഇന്നത്തെ ബജറ്റിൽ ധനമന്ത്രി പ്രഖ്യാപിച്ചതെന്നും എന്നാൽ ഇതിനുള്ള ഫണ്ട് വക കൊള്ളിച്ചിട്ടില്ലെന്നും സാമ്പത്തിക വിദഗ്ദ്ധ മേരി ജോർജ്ജ് ആകാശവാണി വാർത്തകളോട് പ്രതികരിച്ചു.

(ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## BEATING RETREAT 2026

77-ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ഇന്ന് ബീറ്റിങ് റിട്രീറ്റ് നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, തുടങ്ങിയവർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PAR-PM (INTRO)

രാജ്യം ദീർഘകാലമായി നേരിട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുളള പാതയിലാണ് സർക്കാരെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്നതാണ് കേന്ദ്ര സർക്കാർ നയമെന്നും ന്യൂഡൽഹിയിലെ പാർലമെന്റ് സമുച്ചയത്തിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യവേ അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയിസ് പിഎം)**

❁❁❁❁❁❁❁❁❁❁❁❁❁

## AJIT PAWAR - PLANE BLACK BOX

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ ഉൾപ്പെടെ അഞ്ചു പേരുടെ മരണത്തിന് ഇടയാക്കിയ ലിയർജെറ്റ് 45 വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെടുത്തതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. സംഭവത്തിൽ

അന്വേഷണം വേഗത്തിൽ പുരോഗമിക്കുന്നതായും സമഗ്രവും സുതാര്യവുമായ അന്വേഷണം ഉറപ്പാക്കുമെന്നും മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ക്വാർട്ടർ ഫൈനലിൽ. മേഘാലയയെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തിയാണ് കേരളം ക്വാർട്ടറിൽ പ്രവേശിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸

## GOLD- KERALA

കേരളത്തിൽ സ്വർണവിലയിൽ കുതിപ്പ്. ഗ്രാമിന് 1,080 രൂപ വർധിച്ച് 16,395 രൂപയും, പവന്, ഒരു ലക്ഷത്തി 31,160 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸